# ആത്യന്തികവിലയിരുത്തൽ - I 2025 - 2026

## മാതൃകാചോദ്യപേപ്പർ

## അടിസ്ഥാനപാഠാവലി

**ക്ലാസ് : 6** **സമയം : 2 മണിക്കൂർ 15 മിനിറ്റ്**

**നിർദേശങ്ങൾ**

- ആകെ സമയത്തിന്റെ **ആദ്യത്തെ 15 മിനിറ്റ്** സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- **6** ചോദ്യങ്ങൾക്ക് ഉത്തരം എഴുതണം. ചോദ്യങ്ങളിലെ ഉപചോദ്യങ്ങൾക്കെല്ലാം ഉത്തരം എഴുതണം.
- **2, 5** എന്നീ ചോദ്യങ്ങൾക്ക് **ചോയ്സ്** നൽകിയിട്ടുണ്ട്. ചോയ്സുള്ള ചോദ്യങ്ങളിൽ **A, B** എന്നിവയിൽ ഒന്നിന് മാത്രം ഉത്തരം എഴുതിയാൽ മതി.

**(1) വായിക്കാം എഴുതാം**

**സ്വപനത്തിലെ തത്ത**

ഒരിടത്തൊരിടത്ത് വലിയൊരു നഗരത്തിൽ, എഴുതാൻ ആഷ്‌ലി എന്നൊരു കൊച്ചുപെൺകുട്ടി ജീവിച്ചിരുന്നു. ആഷ്‌ലിക്ക് മലയാളം അറിയില്ലായിരുന്നു. വീട്ടിൽ അച്ഛനമ്മമാർ മലയാളം സംസാരിക്കുമെങ്കിലും അവൾ സ്കൂളിലും കൂട്ടുകാരുമായും സംസാരിക്കുന്നത് ഇംഗ്ലീഷാണ്. ഒരു ദിവസം രാത്രി ആഷ്‌ലി ഒരു സ്വപ്നം കണ്ടു. അവളുടെ വീടന്റെ ജനലരികിൽ, മനോഹരമായ ഒരു തത്തമ്മ വന്നിരുന്നു. പച്ചനിറമുള്ള ആ തത്തമ്മ അവളെ നോക്കി ചിരിച്ചു. ആഷ്‌ലി തത്തമ്മയോട് സംസാരിക്കാൻ ശ്രമിച്ചു. പക്ഷേ തത്തമ്മയ്ക്ക് അവളുടെ ഭാഷ മനസ്സിലായില്ല. തത്തമ്മ എന്തൊക്കെയോ ചിറകുകൾ അനക്കി സംസാരിക്കുന്നുണ്ടായിരുന്നു. പക്ഷേ ആഷ്‌ലിക്ക് ഒന്നും മനസ്സിലായില്ല. അവൾക്കു സങ്കടമായി. " എനിക്കവൾ പറുന്നത് ഒന്നും മനസ്സിലാകുന്നില്ലല്ലോ" ആഷ്‌ലി മനസ്സിൽ പറഞ്ഞു. പെട്ടെന്ന് തത്തമ്മയുടെ രൂപം മാറി. അതൊരു വൃദ്ധയായ സ്ത്രീയായി മാറി. അവർ സ്നേഹത്തോടെ ആഷ്‌ലിയുടെ അടുത്തേക്ക് വന്നു. "മോളേ", ആ വൃദ്ധ പറഞ്ഞു. "നിന്റെ മാതൃഭാഷ അറിയാത്തതുകൊണ്ട് എത്ര നല്ല കാര്യങ്ങളാണ് നിനക്ക് നഷ്ടമാകുന്നതെന്നോർത്ത് ഞാൻ വിഷമിക്കുകയായിരുന്നു." ആഷ്‌ലിക്ക് ഒന്നും മനസ്സിലായില്ല.

“എന്ത് കാര്യങ്ങൾ ?” അവൾ ചോദിച്ചു. “നിന്റെ മുത്തശ്ശി പറഞ്ഞുതരാൻ കൊതിച്ച കഥകൾ, നിന്റെ നാട്ടിലെ പാട്ടുകൾ, പഴമൊഴികൾ, നിന്റെ പൂർവ്വികരുടെ ചരിത്രം. ഇതെല്ലാം നിനക്ക് നഷ്ടമാവുന്നു”. ആഷ്‌ലിക്ക് കാര്യങ്ങൾ മനസ്സിലായിത്തുടങ്ങി. “മാതൃഭാഷ ഒരു പുഴപോലെയാണ് മകളേ”- ആ വൃദ്ധ പറഞ്ഞു. “അത് നിന്നെ നിന്റെ പാരമ്പര്യത്തിലേക്കും സംസ്കാരത്തിലേക്കും ബന്ധിപ്പിച്ചിരിക്കുന്നു. ആ പുഴ വറ്റിയാൽ, നിന്റെ വേരുകൾ ഉണങ്ങിപ്പോകും.” ആഷ്‌ലി ഉറക്കമുണർന്നത് മാതൃഭാഷ പഠിക്കണമെന്ന നിശ്ചയ ദാർഢ്യത്തോടെയായിരുന്നു.

a) ആഷ്‌ലിയുടെ സവിശേഷത എന്തായിരുന്നു ?

**A.** മലയാളം നന്നായി സംസാരിക്കും.

**B.** മലയാളം എഴുതാൻ അറിയില്ലായിരുന്നു.

**C.** ഇംഗ്ലീഷ് അറിയില്ലായിരുന്നു.

**D.** വിവിധ ഭാഷകൾ അറിയാമായിരുന്നു.

b) തത്തമ്മ ഏത് രൂപത്തിലേക്കാണ് മാറിയത് ?

**A.** സുന്ദരിയായ ഒരു യുവതി.

**B.** ഒരു കൊച്ചു കുട്ടി.

**C.** വൃദ്ധയായ സ്ത്രീ

**D.** കരുത്തുള്ള യുവതി

c) മാതൃഭാഷയുടെ പ്രത്യകതയായി കഥയിൽ സൂചിപ്പിക്കുന്നതെന്ത് ?

**A.** പാരമ്പര്യത്തിലേക്കും സംസ്കാരത്തിലേക്കും ബന്ധിപ്പിക്കുന്ന ഒരു പുഴയാണ് മാതൃഭാഷ.

**B.** തത്തമ്മയ്ക്ക് പഠിക്കാന് കഴിയുന്ന ഭാഷയാണ് മാതൃഭാഷ.

**C.** സൗന്ദര്യമുള്ള ഭാഷയല്ല മാതൃഭാഷ.

**D.** വേരുകളില്ലാത്ത ഭാഷയാണ് മാതൃഭാഷ.

d) "മാതൃഭാഷ ഒരു പുഴ പോലെയാണ് മകളെ, ആ പുഴവറ്റിയാൽ നീ ഇല്ലാതാകും". പ്രസ്താവനയുടെ പൊരുൾ എന്ത് ?

**A.** ഭാഷയും പുഴയും ഒന്നാണ്

**B.** പുഴയുടെ വലുപ്പം ഭാഷയ്ക്കില്ല.

**C.** ജീവിതവും സംസ്കാരവും നിലനിർത്താൻ പുഴ പോലെ തന്നെയാണ് ഭാഷയും സഹായിക്കും.

**D.** പുഴയുടെ അടിയിലാണ് ഭാഷ.

## (2) വിശകലനക്കുറിപ്പ് അല്ലെങ്കിൽ അഭിപ്രായക്കുറിപ്പ്

### 2. A) വിശകലനക്കുറിപ്പ്

മണ്ണിൽ വേർപ്പുവിതച്ചവർ തന്നീണമായി വന്നു
അന്നുപാടിയപാട്ടിലൂഞ്ഞാലാടി മലയാളം
കൊഞ്ചലും കുറുമൊഴികളും പോയ് കഥകൾ പലതോതി
നെഞ്ചണച്ചൊരു ഗുരു വളർത്തിയ കിളിമകൾ പാടി.

മലയാളം- ഒ.എൻ.വി. കുറുപ്പ്

മലയാള ഭാഷയുടെ വളർച്ചയെക്കുറിച്ചും എഴുത്തച്ഛന്റെ കിളിപ്പാട്ട് പ്രസ്ഥാനത്തെ കുറിച്ചും ഒളപ്പമണ്ണ 'പഞ്ചവർണ്ണക്കിളി' എന്ന കവിതയിൽ പറയുന്നുണ്ട്. ഒ.എൻ.വി. കുറുപ്പിന്റെ 'മലയാളം' എന്ന കവിതയിലെ വരികളെ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

### 2. B) അഭിപ്രായക്കുറിപ്പ്

" മധുരിക്കുന്നൂ; പച്ചക്കിളി നിൻ കൊക്കാഴ്ത്തുന്ന

മലരും കനിയുമുൾത്തേനുമീ മലയാളം ".

'പഞ്ചവർണ്ണക്കിളി' എന്ന കവിതയിൽ ഒളപ്പമണ്ണ പറയുന്ന കാര്യങ്ങളോട് പ്രതികരിച്ചുകൊണ്ട് അഭിപ്രായക്കുറിപ്പ് തയ്യാറാക്കുക.

## (3)

### a) വായനക്കുറിപ്പ്

തെന്നാലി രാമന്റെ 'സ്വന്തംഭാഷ' എന്ന കഥ വായിച്ചല്ലോ. ആ കഥ ഇഷ്ടമായതിന്റെ കാരണം വ്യക്തമാക്കി കഥയുടെ വായനക്കുറിപ്പ് തയ്യാറാക്കുക.

b) മാതൃഭാഷയുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്ഥാവന ഏത്?

I. അറിവിനെ അനുഭൂതിയാക്കാൻ കഴിയുന്നത് മാതൃഭാഷയിലാണ്.
II. മാതൃഭാഷയിലൂടെയാണ് ഏറ്റവും നന്നായി ഭാവനചെയ്യാൻ കഴിയുന്നത്.
III. മാതൃഭാഷ നിരന്തരം ഉപയോഗിച്ചില്ലെങ്കിൽ മറന്നുപോകും
IV. മാതൃഭാഷ കൂടുതലും ഉപയോഗിക്കുന്നത് എഴുത്തിനാണ്.

**A.** I യും II യും ശരി
**B.** III യും IV യും ശരി
**C.** I യും IV യും ശരി
**D.** II യും III യും ശരി

c) ചുവടെ ചേർത്തിരിക്കുന്ന പദസമൂഹത്തിൽ ഉചിതമായത് കണ്ടെത്തുക.

1. കവുങ്ങ് : പാക്ക്, പാള, ഊഞ്ഞാൽ
2. ഓണം : കോടി, പൂക്കളം, മാവേലി
3. ഗ്രാമം : നടവഴി, പാടം, നാട്ടുകർ
4. വയൽ : ഞാറ്, കതിര്, പന്തുകളി

**A.** 1, 2 ഉചിതം

**B.** 2, 3 ഉചിതം

**C.** 3, 4 ഉചിതം

**D.** 1, 4 ഉചിതം

**(4) പോസ്റ്റർ**

വിദ്യാലയത്തിലെ ഭാഷാക്ലബ്ബിന്റെ ഭാഗമായി നാട്ടിലെ പ്രാദേശിക സ്വഭാവമുള്ള വാക്കുകൾ ശേഖരിച്ച് കുട്ടികൾ ഒരു പ്രാദേശിക നിഘണ്ടു തയ്യാറാക്കി. നിഘണ്ടുവിന്റെ പ്രകാശനം പരിസ്ഥിതി പ്രവർത്തകയായ ശ്രീമതി. ഇന്ദുലേഖ നിർവിക്കും. ഈ വിവരം കുട്ടികളെ അറിയിക്കാനായി പോസ്റ്റർ തയ്യാറാക്കുക.

തലക്കെട്ട്, പോസ്റ്റർ വാചകം, തീയതി, സ്ഥലം, പശ്ചാത്തല ചിത്രം എന്നിവ ഉൾപ്പെടുത്തുമല്ലോ?

**(5) ലഘുഉപന്യാസം**

**5. A)**

"പരിസ്ഥിതി നിലനിൽക്കുന്നത് മിക്കവാറും ഭാഷയിൽ തന്നെയാണ്." മാതൃഭാഷയും പരിസ്ഥിതിയും എന്ന ലേഖനത്തിൽ ഡോ. വത്സലൻ വാതുശ്ശേരി തെങ്ങുമായി ബന്ധപ്പെട്ട പ്രാദേശിക പദങ്ങൾ പറഞ്ഞുകൊണ്ട് ഇവ ഉദാഹരിക്കുന്നുണ്ട്. ഇതുപോലെ പലതരം സസ്യങ്ങൾ, കൃഷി തുടങ്ങിയവയുമായി ബന്ധപ്പെട്ട് മുമ്പ് പ്രചാരത്തിലുണ്ടായിരുന്ന വാക്കുകൾ പലതും ഇന്നു നിലവിലില്ല. ഇവ നഷ്ടപ്പെടാനുള്ള കാരണങ്ങൾ പരിശോധിച്ചും മനസ്സിലാക്കിയ കാര്യങ്ങൾ കൂട്ടിച്ചേർത്തും ലഘു ഉപന്യാസം തയ്യാറാക്കുക.

**അല്ലെങ്കിൽ**

**5. B)**

"ചിന്തിക്കാനും സ്വപ്നങ്ങൾ കാണാനും നേരമ്പോക്കു പറയാനും ചിരിക്കാനും കരയാനും നേരും കള്ളവുമൊക്കെ പറയാനും നമുക്കു മാതൃഭാഷ വേണം. " ഈ

പ്രസ്താവനയെ 'മനസ്സുതുറക്കാം' എന്ന യൂണിറ്റിലെ പ്രധാനാശയങ്ങളുമായി 'മാതൃഭാഷ മനസ്സിന്റെ ഭാഷ' എന്ന വിഷയത്തെക്കുറിച്ച് ലഘുഉപന്യാസം എഴുതുക.

**(6) ആസ്വാദനക്കുറിപ്പ്**

പണ്ടൊരു കടലും മലയും ചേർന്ന്
കുഞ്ഞൊരു നാടിനെ ലാളിച്ചു.
കേരളമെന്നു വിളിച്ചൂ-
നീളെ തെങ്ങിൻ തണലും തന്നൂ.:
മധുര മനോഹരമാമൊരു ഭാഷ
മലയാളത്തെത്തന്നൂ.

ഇന്നും നമ്മളതാദ്യം കേൾക്കും
പിന്നീടെന്നും നമ്മൾ വാഴ്ത്തും
കേരം തിങ്ങും കേരളവും
മലയാളം പോലൊരു മൊഴിയും
എത്ര മനോഹരമെത്രയനുഗ്രഹ
മെല്ലാം തന്നതു പ്രകൃതി !

ശ്രീകുമാരൻ

കേരളത്തെ മനോഹരമായ വർണ്ണിക്കുന്ന കവിത വായിച്ചില്ലേ. കേരളത്തെയും മലയാളത്തെയും കുറിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടുകളും അഭിപ്രായങ്ങളും ഉൾപ്പെടുത്തി ആസ്വാദനം തയ്യാറാക്കുക.